**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ക്ഷേമനിധി ബോർഡ് പെൻഷൻ - 85 വയസു കഴിഞ്ഞവർ, 80 ശതമാനത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ , കിടപ്പുരോഗികൾ എന്നിവർക്ക് ആധാർ നമ്പർ ഇല്ലാതെ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

**************************************************************************************************

**ധനകാര്യ (എസ്.എഫ്.സി. സെൽ ബി –) വകുപ്പ്**

**സ. ഉ (എം എസ് )നം.2/2021/FIN** **തീയതി ,തിരുവനന്തപുരം,05.01.2021**

പരാമർശം :- സ. ഉ (എം എസ് )നം 483/2017/ധന തീയതി:06.11.2017

85 വയസു കഴിഞ്ഞവർ, 80 ശതമാനത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ , സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവരുടെ കാര്യത്തിൽ ഇക്കാര്യം പ്രാദേശിക സർക്കാരിലെ സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം ആധാർ നമ്പർ ഇല്ലാതെ തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കാവുന്നതാണെന്നു മേൽ പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ട് . ഈ ആനുകൂല്യം ക്ഷേമനിധി ബോർഡുകളിലെ ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാക്കണമെന്ന ആവശ്യം വിവിധ കോണുകളിൽനിന്നും ഉയർന്നുവന്നിട്ടുണ്ട് .

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി .85 വയസു കഴിഞ്ഞവർ, 80 ശതമാനത്തിൽ അധികം ശാരീരിക മാനസിക വൈകല്യമുള്ളവർ , സ്ഥിരമായി രോഗശയ്യയിൽ കിടക്കുന്നവർ എന്നിവർക്ക് ആധാർ നമ്പർ ഇല്ലാതെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കാവുന്നതാണ് എന്ന് ഇതിനാൽ ഉത്തരവാകുന്നു .ഇത്തരത്തിലുള്ള വ്യക്തികളുടെ കാര്യത്തിൽ മാത്രം, ഒരു ഗസറ്റഡ് ഓഫീസർ നൽകുന്ന ലൈഫ് സർട്ടിഫിക്കറ്റും, താൻ നാളിതുവരെ ആധാർ എടുത്തിട്ടില്ല എന്ന അപേക്ഷകന്റെ സാക്ഷ്യപത്രവും വാങ്ങി സർട്ടിഫിക്കറ്റുകൾ സേവനയിൽ അപ് ലോഡ് ചെയ്ത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മസ്റ്റർ ചെയ്തു നൽകി പെൻഷൻ അനുവദിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം )**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I I ), കേരള, തിരുവനന്തപുരം
എല്ലാ ക്ഷേമ നിധി ബോർഡ് ചീഫ്എക്സിക്യുട്ടീവ് ഓഫീസർമാർക്കും
ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
നോഡൽ ഓഫീസർ ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്
(ഫയൽ നം. E-1611712/എസ്.എഫ്.സി.ബി3/20/ധന)

**ഉത്തരവിൻ പ്രകാരം**

**അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ**